(സി) എങ്കിൽ ഇത്തരം സഹകരണ സംഘങ്ങളെ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) സഹകരണ സംഘങ്ങൾക്കും വിവരാവകാശ നിയമം ബാധകമാണ് എന്ന് ബഹു. ഹൈക്കോടതി 30-4-2009-ന് പുറപ്പെടുവിച്ച വിധി പ്രസ്തുത ബഹു. ഹൈക്കോടതിയുടെ തന്നെ ഡിവിഷൻ ബഞ്ച് അസാധുവാക്കുകയും ചെയ്തിട്ടുണ്ട്. ഈ വിധിയിൽ ഇക്കാര്യത്തിൽ സഹകരണ സംഘങ്ങൾക്കു തന്നെ തീരുമാനമെടുക്കാവുന്നതാണെന്നും ഗണ്യമായ സർക്കാർ സാമ്പത്തിക സഹായം നൽകിയിട്ടുണ്ടെങ്കിൽ യുക്തമായ അധികാരിക്ക് വിവരാവകാശ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം നടപടിയെടുക്കാവുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. 2005-ലെ വിവരാവകാശ നിയമത്തിലെ 2 (എച്ച്) വകുപ്പു പ്രകാരം പൊതു അധികാര സ്ഥാപനം എന്ന നിർവ്വചനത്തിൽ വരുന്ന സ്ഥാപനങ്ങൾക്കു മാത്രമേ വിവരാവകാശ നിയമപ്രകാരമുള്ള കാര്യങ്ങൾ നൽകുവാൻ ബാധ്യതയുള്ളൂ. സർക്കാരിന്റെ അധീനതയിലോ സഹായത്താലോ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ മാത്രമേ ഈ നിർവ്വചനത്തിൽ ഉൾപ്പെടുന്നുള്ളൂ. ഈ നിയമം നിലവിൽ വന്നതുമുതൽ ഇത്തരം സ്ഥാപനങ്ങൾ സ്വാഭാവികമായും ഈ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുന്നവയാണ്. ഏതെങ്കിലും സ്ഥാപനത്തെ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തുവാനുള്ള അധികാരം നിയമപ്രകാരം സർക്കാരിനു നൽകിയിട്ടില്ല.

ദേശസാൽകൃത ബാങ്കുകൾ അർഹരായവർക്ക് വിദ്യാഭ്യാസ വായ്പ നിഷേധിക്കുന്ന നടപടി

13(1250) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ദേശസാൽകൃത ബാങ്കുകൾ അർഹരായവർക്ക് വിദ്യാഭ്യാസ വായ്പ നിഷേധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(സി) വായ്പ നിഷേധിക്കുന്ന ബാങ്കുകളുടെ വിവരം റിസർവ്വ് ബാങ്കിന്റെ ശ്രദ്ധയിൽപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇക്കാര്യങ്ങളെ കുറിച്ചുള്ള ചില ഒറ്റപ്പെട്ട പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇതുസംബന്ധിച്ച പരാതികൾ സർക്കാർ സംസ്ഥാനതല ബാങ്കിംഗ് സമിതി മുഖേനയാണ് പരിഹരിക്കുന്നത്. സർക്കാരിന് ലഭിക്കുന്ന പരാതികൾ

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനതല ബാങ്കിംഗ് സമിതി മുഖേന അതാതു ബാങ്കുകളുടെ മേലധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുകയും അവയ്ക്ക് തക്കതായ പരിഹാരം കാണുകയും ചെയ്തുവരുന്നു. കൂടാതെ വിദ്യാഭ്യാസ വായ്പ സംബന്ധിച്ചുള്ള പരാതികൾ പരിഹരിക്കുന്നതിനായി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ഒരു ജില്ലാതല മോണിറ്ററിംഗ് സമിതി രൂപീകരിച്ചിട്ടുണ്ട്. ഈ സമിതി എല്ലാ മാസവും യോഗം ചേർന്ന് ഈ രംഗത്ത് നിലനിൽക്കുന്ന പരാതികൾക്ക് തീർപ്പു കല്പിക്കാറുണ്ട്.

(സി) വായ്പ നിക്ഷേധിക്കുന്നത് സംബന്ധിച്ച പരാതികൾ സർക്കാർ സംസ്ഥാനതല ബാങ്കിംഗ് സമിതി മുഖേനയാണ് പരിഹരിക്കുന്നത്.

പെൻഷൻ പ്രായം

14(1252) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ വകുപ്പുകൾ, കൺസോളിഡേറ്റഡ് ഫണ്ടിൽനിന്നും ശമ്പളം പറ്റുന്ന സ്ഥാപനങ്ങൾ എന്നിവയിൽ ഓരോന്നിലും നിലവിലുള്ള പെൻഷൻ പ്രായം എത്ര;

(ബി) പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി നോക്കുന്നവരുടെ പെൻഷൻ പ്രായം ഉയർത്താൻ ഉദ്ദേശമുണ്ടോ;

(സി) നിലവിൽ ഏതെങ്കിലും സ്ഥാപനങ്ങളിൽ പെൻഷൻ പ്രായം ഉയർത്തിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം;

(ഡി) പെൻഷൻ പ്രായം ഉയർത്തുന്നത് സംബന്ധിച്ച സർക്കാർ നയം വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരളത്തിലെ സർക്കാർ ജീവനക്കാരുടെ പെൻഷൻ പ്രായം പാർട്ട് I കേരള സർവ്വീസ് റൂൾസിലെ ചട്ടം 60 പ്രകാരം പൊതുവായി 55 വയസ്സായും (55 വയസ്സ് തികയുന്ന ധനകാര്യ വർഷത്തിന്റെ അവസാന ദിവസം) 7-4-1970-ന് മുൻപ് NMR സർവ്വീസിൽ പ്രവേശിച്ചവരും എന്നാൽ 7-4-1970-ന് ശേഷം റഗുലറൈസ് ചെയ്യപ്പെട്ടവരുമായ ജീവനക്കാരുടെ പെൻഷൻ പ്രായം 58 വയസ്സായും താഴെ പറയുന്ന വിഭാഗങ്ങൾക്ക് പെൻഷൻ പ്രായം 60 വയസ്സായും വ്യവസ്ഥ ചെയ്തിരിക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly